ശ്രീ. കെ. സി. എബ്രഹാം: ഇവിടത്തെ സിമന്റ് ഫാക്ടറിയിൽ ഉൽപാദനം നടത്തുന്നതിലേക്ക് ആവശ്യമായ കക്കാ ലഭിക്കുന്നില്ലെന്നും, അതു കൊണ്ട് ആ ഫാക്ടറിയുടെ പ്രവർത്തനം അവസാനിപ്പിക്കേണ്ടിവരുമെന്നുമുള്ള കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? അവർക്ക് ആവശ്യമുള്ളിടത്തോളം കക്കാ ലഭിക്കുന്നതിനുള്ള മാർഗ്ഗത്തെപ്പറ്റി ആരാഞ്ഞിട്ടുണ്ടോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: ട്രാവൻകൂർ സിമന്റ് ഫാക്ടറിയെ സംബന്ധിച്ചിടത്തോളം പത്തിരുപതുകൊല്ലം കഴിഞ്ഞാൽ വേണ്ടുവോളം കക്കാ കിട്ടുകയില്ലെന്നു സംശയം ഉണ്ടായിരുന്നെങ്കിലും ഇപ്പോഴത്തെ അവസ്ഥയിൽ നിന്നും മനസ്സിലാകുന്നത് അത്രത്തോളം ഭയപ്പെടാനില്ലെന്നാണ്.

ശ്രീ. ജോർജ്ജ് ജോസഫ് പൊടിപ്പാറ: 100 ചാക്കിനു മുകളിലുള്ള അപേക്ഷകരും കുടുംബക്കാരുടെ അതിനു താഴെയുള്ള അപേക്ഷകരും ആർ. ഡി. ഓ. മുതലായ ഉദ്യോഗസ്ഥന്മാർക്കും കൊടുക്കാനാണ് വ്യവസ്ഥയുള്ളത്. 100 ചാക്കിൽ കുറവായിട്ടുള്ള ആവശ്യക്കാരാണ് വളരെ കൂടുതൽ. അതുകൊണ്ട് ആർ. ഡി. ഓ. മുതൽ താഴോട്ടുള്ള ഉദ്യോഗസ്ഥന്മാർക്ക് വിതരണംചെയ്യുന്നതിനും കൂടുതൽ സിമന്റും കോട്ടാ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: അങ്ങനെ നടപടിയെടുക്കുന്നതിനും ഇവിടെ കിട്ടുന്ന സിമന്റും ആവശ്യത്തിനു മതിയാകുന്നില്ലെന്നുള്ളതാണ് വിഷമം. അതുകൊണ്ട് താരതമ്യേന പൊതുപ്രാധാന്യമുള്ള വർക്കുകൾക്ക് നീക്കിവച്ചിട്ടേ ചെയ്യാൻ നിവൃത്തിയുള്ളൂ.

ശ്രീ. എം. എം. മത്തായി: പെർമിറ്റുമൂലം വാങ്ങുന്ന സിമന്റ് അതാതു ആവശ്യങ്ങൾക്കുതന്നെ ഉപയോഗിക്കുന്നുണ്ടോയെന്ന് അന്വേഷിക്കുന്നുണ്ടോ; സിമന്റു വാങ്ങി യാതൊരു പണിയുംചെയ്യാതെ വയ്ക്കുന്ന ഏർപ്പാട് ഇവിടെ നടക്കുന്നുണ്ടെന്നറിയാമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: പൊതുവിൽ അങ്ങനെ പറയുന്നതു ശരിയല്ല. അങ്ങനെ സിമന്റു വാങ്ങി ആവശ്യത്തിനുപയോഗിക്കാതെ വിൽക്കുന്ന വിവരം കിട്ടിയാൽ അതിന്മേൽ നടപടി എടുക്കും.

ഗ്രാഡുവേറ്റു രും സംബന്ധിച്ചു പാസ്സാക്കിയ കല്പനകൾ.

* 571. [12] ശ്രീ. എം. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാഡുവേറ്റു രുംസംബന്ധമായി ഗവണ്മെന്റു ഇതേവരെ എന്തെല്ലാം കല്പനകൾ പാസ്സാക്കി; അവയുടെ ഓരോ കാപ്പി മേശപ്പുറത്തു വയ്ക്കുമോ;

(ബി) അടുത്തകാലത്തായി ഗ്രാഡുവേറ്റ രും ഉപയോഗപ്പെടുത്തുന്നതു സംബന്ധിച്ചു വല്ല മാറ്റവും വരുത്തുകയോ വരുത്താൻ ഉദ്ദേശിക്കുകയോ ചെയ്തിട്ടുണ്ടോ;

(സി) അലോട്ടെഡു ഉദ്യോഗസ്ഥന്മാരിൽ നിന്നു ഇതിനെപ്പറ്റി വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തു നടപടിയെടുത്തു?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) ഗ്രാഡുവേറ്റു രും സംബന്ധമായി ഗവണ്മെന്റു പാസ്സാക്കിയ കല്പനകളുടെ ഓരോ † കാപ്പി മേശപ്പുറത്തുവച്ചിട്ടുണ്ട്.

(ബി) 1-11-1956 മുതൽ 1-11-1957 വരെയുള്ള കാലത്തു ഗ്രാഡുവേറ്റു രും തിരുവിതാംകൂർ കൊച്ചി വിഭാഗത്തിനും, മദ്രാസു രും മദ്രാസിൽ

† Placed in the Library

LIBRARY ARCHIVES Kerala Legislative Assembly

നിന്നും അലോട്ടുചെയ്യ കേരളത്തിൽ വന്നിട്ടുള്ളവക്കും ബാധകമാണ്. എന്നാൽ ഈ രണ്ടു വിഭാഗങ്ങളും ഒരു സീനിയോറിറ്റി ലിസ്റ്റിൽപെട്ട രണ്ടുവിഭാഗക്കാക്കും എങ്ങനെ പ്രയോഗിക്കണമെന്നുള്ളതിനെ സംബന്ധിച്ച് ഒരു വിശദീകരണം നൽകുന്ന പ്രശ്നം ഗവണ്മെൻറിന്റെ പരിഗണനയിലുണ്ട്.

(സി) നോർത്ത് കേരള എൻ. ജി. ഓ. അസോസ്സിയേഷനിൽ നിന്നും ഒരു പരാതി ലഭിച്ചിട്ടുണ്ട്.

(ഡി) പരാതിയിൽ ഉന്നയിച്ചിട്ടുള്ള വസ്തുതകളും ഗവണ്മെൻറ് പരിഗണിച്ചുവരികയാണ്.

Mr. Speaker: Question No. 13; an identical question has already been answered.

ഈ. എസ്സ്. ഐ. ആശുപത്രികളും.

* 572. [14] ശ്രീ. പി. സി. രാഘവൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും, തൊഴിലുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ. എസ്സ്. ഐ. ആശുപത്രികളും ഈ വർഷത്തിൽ എവിടെയെല്ലാം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു;

(ബി) ഓരോ ആശുപത്രികളിലും എത്രവീതം ബെഡ്ഡുകൾക്കാണ് പരിപാടിയുള്ളത്;

(സി) ആശുപത്രി സ്ഥാപിക്കാനുള്ള നടപടികളും ഇതിനകം എത്രത്തോളമായി?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

(എ) കൊല്ലം, ആലപ്പുഴ, മുളംകുന്നത്തുകാവ് എന്നിവിടങ്ങളിൽ. കൂടാതെ തിരുവനന്തപുരം, കണ്ണറ, കൊട്ടാരക്കര, പുനലൂർ, കോട്ടയം, ഉദ്യോഗമണ്ഡൽ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ സ്ഥലങ്ങളിൽ ആശുപത്രി കെട്ടാൻ പ്രാരംഭ നടപടികളും എടുത്തുവരുന്നു.

(ബി) ഓരോ ആശുപത്രിക്കും നിശ്ചയിച്ചിട്ടുള്ള ബഡ്ഡുകളുടെ എണ്ണം താഴെ കൊടുക്കുന്നു:

		ബഡ്ഡു്	
1	തിരുവനന്തപുരം	30	
2	കണ്ണറ, കൊട്ടാരക്കര	100	(ടി.ബി.)
3	ടി	150	
4	കൊല്ലം (ആശ്രാമം)	100	
5	പുനലൂർ	25	
6	ആലപ്പുഴ (ബീച്ചു് വാർഡു്)	50	
7	ആലപ്പുഴ	80	(ടി.ബി.)
8	കോട്ടയം	80	(ടി.ബി.)
9	കോട്ടയം	25	
10	ഉദ്യോഗമണ്ഡൽ	120	
11	എറണാകുളം	50	
12	മുളംകുന്നത്തുകാവു്	100	(ടി.ബി.)
13	തൃശ്ശൂർ (അളകപ്പനഗർ)	60	
14	കോഴിക്കോട് (പെരുവണ്ണൂർ)	100	
15	ടി ടി	80	(ടി.ബി.)
16	കണ്ണൂർ	60	
17	ടി	80	(ടി.ബി.)

(സി) കൊല്ലത്തു—ആശ്രാമം (100 ബഡ്ഡു്)
ആലപ്പുഴ—ബീച്ചു് വാർഡു് (50 ബഡ്ഡു്)
മുളംകുന്നത്തുകാവു് (100 ടി. ബി. ബഡ്ഡു്)

LIBRARY ARCHIVES Kerala Legislative Assembly